# ഉള്ളടക്കം



1. ആമുഖം
2. ലക്ഷ്യങ്ങൾ
3. കാഴ്ചപ്പാട്
4. പദ്ധതി രൂപികരണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ.
5. സ്കൂളിലെ നിലവിലെ അവസ്ഥയുടെ വിശകലനം.
6. മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ
7. പദ്ധതി വിശദാംശം (മേഖല , ഉപമേഖല , ലക്ഷ്യം, പ്രവർത്തനങ്ങൾ , സമയം ചുമതല , സാമ്പത്തിക വിശകലനം , അനുബന്ധം , വിദ്യാലയത്തിന്റെ സ്കെച്ച് , സൈറ്റ് പ്ലാൻ , ജൈവ വൈവിധ്യപാർക്ക് രൂപരേഖ )
8. മികവുകൾ , നേട്ടങ്ങൾ
9. വിദ്യാർത്ഥികളുടെ എണ്ണം
10. നിലവിലുള്ള കമ്മറ്റികൾ (അംഗങ്ങളുടെ പട്ടിക )

# ആമുഖം

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | സെന്റ് ജോർജ്ജസ് ഹയർ സെക്കന്ററി സ്കൂൾ, വെണ്ണിക്കുളം |
| 2. വിലാസം | കോക്കാപ്പിള്ളി പി ഒ , തിരുവാങ്കുളം , എറണാകുളം 682305 |
| 3. ഫോൺ | 0484 2712205 , 2712206. |
| 4. സ്കൂൾ കോഡ് | 25066 |
| 5. വിദ്യാഭ്യാസ ഉപജില്ല | കോലഞ്ചേരി. |
| 6. വിദ്യാഭ്യാസ ജില്ല | ആലുവ |
| 7. റവന്യൂ ജില്ല | എറണാകുളം. |
| 8. ബി. ആർ. സി | കോലഞ്ചേരി. |
| 9. ഗ്രാമപഞ്ചായത്ത് | തിരൂവാണിയൂർ |
| 10. ബ്ളോക്ക് പഞ്ചായത്ത് | വടവുകോട് |
| 11. ജില്ലാപഞ്ചായത്ത് | എറണാകുളം |
| 12. നിയമസഭാമണ്ഡലം | കുന്നത്തുനാട് |
| 13. ലോകസഭാമണ്ഡലം | ചാലക്കുടി. |
| 14. താലൂക്ക് | കുന്നത്തുനാട് |
| 15. വില്ലേജ് | തിരുവാണിയൂർ. |
| 16. ഇമെയിൽ. | stgeorgeshsvkm@gmail.com |

# ഗൂഗിൾ മാപ്പ്


St. George's High School
Kakkanad
കാക്കനാട്
PALLIKKARA
പള്ളിക്കര
Pukkattupady
പൂക്കാട്ടുപടി
Kadayirippu
കടയിരുപ്പ്
PUTHENKURISH
പുത്തൻകുരിശ്
Kolenchery
കോലഞ്ചേരി
St Georges High school
Manakunnam
മണകുന്നം
Arakkunnam
ആരക്കുന്നം
Perumpalam
Piravom
Map Data
Terms of Use

# വിദ്യാലയത്തിന്റെ ചരിത്രം

ഗ്രാമത്തിന്റെ നിഷ്കളങ്കത തെല്ലും നഷ്ടപ്പെടാതെ മറ്റക്കുഴി, മുരിയമംഗലം, വെൺമണി, കോക്കാപ്പിള്ളി പ്രദേശങ്ങളുടെ സംഗമബിന്ദുവായ വെണ്ണിക്കുളത്ത് ബഹു.കരിങ്ങാച്ചിറ പള്ളിക്കാര്യത്തിൽ നിന്നും ഒരു സൺഡേ സ്കൂൾ പ്രവർത്തിച്ചിരുന്നു. അക്ഷരസമ്പത്ത് ആർജ്ജിക്കുന്നതിലേക്ക് ഇന്നാട്ടുകാർക്ക് ആകെ കൂടിയു ായിരുന്നത് സർക്കാർ വകയുള്ള ഒരു കുടിപ്പള്ളിക്കൂടം മാത്രമായിരുന്നു. കരിങ്ങാച്ചിറപ്പള്ളിയുടെ പൊതുജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശിയർക്കായിട്ടൊരു ഉപരി വിദ്യാലയം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ അന്നത്തെ പള്ളിവികാരി റവ. ഫാ. പി.പി. ജോസഫ് തിരുക്കൊച്ചി സർക്കാരിൽ ഒരപേക്ഷ സമർപ്പിച്ചു. അപേക്ഷ പരിഗണിച്ച സർക്കാർ അദ്ദേഹത്തിന്റെ ചുമതലയിൽ ഒരു മിഡിൽ സ്കൂൾ (യു.പി.സ്കൂൾ) അനുവദിച്ചു.

റവ. ഫാ. പി.പി. ജോസഫ് മാനേജരായും, എ.സി. തോമസ് ഹെഡ്മാസ്റ്ററായും, ഉള്ള കെ.സി.യു.പി.എസ്. 1952 ജൂണിൽ ആരംഭിച്ചു 22.09.1953 ൽ റവ. ഫാ. പി.പി.ജോസഫ് മാനേജർ സ്ഥാനം ഒഴിവാകുകയും, ശ്രീ. എം.ഐ. വർഗ്ഗീസ് ആസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1954 ൽ ഏഴാം ക്ലാസ്സ് ആരംഭിച്ചു. 1954 ജൂൺ 14 ന് ശ്രീ. പീറ്റർ കെ. പുലയത്ത് ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. 1956 ൽ ശ്രീ. എൻ.യു. വർക്കി മാനേജരായി തെരഞ്ഞെടുക്കപ്പെട്ടു. നാളിതുവരെയുള്ള പൂർണ്ണ ഹൈസ്കൂൾ എന്ന അഭിലാഷത്തെ പരിഗണിച്ചു കൊ ് മാനേജരും ഹെഡ്മാസ്റ്ററും ചേർന്ന് ഹൈസ്കൂളിനായുള്ള അപേക്ഷ സമർപ്പിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി തിരുവിതാംകൂറിന്റെ അതിർത്തി കടന്ന് കൊച്ചി രാജ്യത്തെത്തി അദ്ധ്യയനം നടത്തിയിരുന്ന നാട്ടുകാർക്ക് 1957 ൽ ആഗ്രഹം സഫലമായി. 1957 ജൂൺ മൂന്നിന് അഭിവന്ദ്യ പൗലോസ് മാർ സേവേറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ വെണ്ണിക്കുളം സെന്റ് ജോർജ്ജസ് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു.സ്കൂളിന്റെ സ്ഥാപനം അപ്ഗ്രേഡേഷൻ എന്നീ കാര്യങ്ങളിൽ ജാഗരൂകരായി നിന്ന് സഹായങ്ങൾ നൽകിയ നി.വ.ദി.ശ്രീ. പൗലോസ് മാർ സേവേറിയോസ് തിരുമേനി ശ്രീമാൻമാരായ അലക്സാ ർ പറമ്പിത്തറ, എ.എം. തോമസ്, എൽ.പി. വർഗീസ്, ജോസഫ് മു ശ്ശേരി മാസ്റ്റർ, ടി.ഒ. ബാവ, പി. ഗോവിന്ദപ്പിള്ള, കെ.സി. അബ്രാഹം മാസ്റ്റർ എന്നിവരുടെ പേരുകൾ വിദ്യാലയ ചരിത്രത്തിൽ എന്നും സ്മരിക്കേ താണ്.

1960 ജൂൺ 28 മുതൽ സ്കൂൾ മാനേജർ സ്ഥാനം പാലക്കാട്ടിൽ സ്കറിയ കത്തനാർ ഏറ്റെടുത്തു. പിന്നീട് കോടതി ഉത്തരവിൻ പ്രകാരം റിസീവർ അഡ്വ. ശ്രീ. കെ.എ. വർഗീസ് മാനേജർ സ്ഥാനം ഏറ്റെടുത്തു.

എറണാകുളം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ടിരുന്ന ഈ വിദ്യാലയം 01.09.1964 മുതൽ ആലുവ വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ ഉൾപ്പെടുത്തപ്പെട്ടു. പള്ളി സംബന്ധമായ കേസുകൾ തീർന്ന മുറയ്ക്ക് ഇടവക പൊതുയോഗം തെരഞ്ഞെടുത്ത ശ്രീ. പി.വി. ജോർജ് മുരിക്കൽ സ്കൂൾ മാനേജർ സ്ഥാനം ഏറ്റെടുത്തു.

സ്കൂളിന്റെ ഭരണകാര്യങ്ങൾ നടത്തുന്നത് ഇടവക പൊതുയോഗം തിരഞ്ഞെടുക്കുന്ന ഏഴംഗ സമിതിയാണ്.

**ശ്രീ. പി.വി. ജോർജിനെ തുടർന്ന് മാനേജർ സ്ഥാനം വഹിച്ചവർ :**

ശ്രീ. ഒ.പി. വർക്കി ഓളങ്ങാട്ട്

ശ്രീ. പി.ഐ. മാണി പാലത്തിങ്കൽ

ശ്രീ. കെ.സി. ജോസഫ് കളരിക്കപ്പറമ്പിൽ

ശ്രീ. പി.സി. വർഗീസ് പാടിയിൽ

ശ്രീ. കെ.സി. അബ്രഹാം ചെറുപുള്ളിൽ

ശ്രീ. ഒ.സി. വർഗീസ് ഓണേരിൽ

ശ്രീ. പി.പി. തങ്കച്ചൻ പാലത്തിങ്കൽ

ശ്രീ. പി.എ. ഡേവിഡ് പാലത്തിങ്കൽ

ശ്രീ . സി.എം കുര്യൻ ചക്യാട്ടിൽ

ശ്രീ സി.പി ബാബു ചന്ദനത്തിൽ

ശ്രീ. കെ.പി ജോസഫ് കളരിക്കപ്പറമ്പിൽ

ശ്രീ.ടി.വി പൗലോസ് തൊമ്മൻകുടിയിൽ

ശ്രീ.ജോജി പീറ്റർ മറ്റപ്പിള്ളിൽ

ശ്രീ. ജിജി പോൾ ചവരംപ്ലാക്കിൽ

ശ്രീ. എം. പി പോൾ മാലായിൽ

**ഇപ്പോഴത്തെ മാനേജർ ഐ കെ ജോർജ് ആണ്.**

1977 ജനുവരി 23 മുതൽ 28 വരെ സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷിക്കപ്പെട്ടു.

വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശത്തെ ജനങ്ങൾക്ക് വിജ്ഞാനം പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട കരിങ്ങാച്ചിറ മുത്തപ്പന്റെ പേരിലുള്ള ഈ വിദ്യാനികേതനം ലക്ഷ്യത്തിൽ നിന്നും അണുവിട വ്യതിചലിക്കാതെ പുരോഗമിച്ചു കൊ ിരിക്കുന്നു. പല വർഷങ്ങളിലും എസ്.എസ്.എൽ.സി. ക്ക് 100% വിജയം കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞിട്ടു ്.

ശ്രീ. പീറ്റർ കെ. പുലയത്തിനെ തുടർന്ന് ശ്രീ. ടി.യു. ഉലഹന്നാൻ, ശ്രീമതി അക്കാമ്മ കെ. എബ്രഹാം, ശ്രീമതി അമ്മിണി എം. വർക്കി, ശ്രീമതി സി. അമ്മിണി, ശ്രീമതി മേരി കുര്യൻ, റവ. ഫാ. പി.എം. വർക്കി, ശ്രീ. എൻ.ജി. ശ്രീകുമാർ, ശ്രീമതി പൂബി K ജേക്കബ, ശ്രീ കുര്യാക്കോസ് ടി ഐസക് എന്നിവർ പ്രധാനാദ്ധ്യാപകരായി സേവനമനുഷ്ഠിച്ചു.

ഇപ്പോഴത്തെ ശ്രീ ഹെഡ്മാസ്റ്റർ ബെൻസൺ വർഗീസ് ആണ്. സേവന സന്നദ്ധരായ അദ്ധ്യാപകരുടേയും അനദ്ധ്യാപക ജീവനക്കാരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനം വിദ്യാലയത്തെ പുരോഗതിയുടെ പാന്ഥാവിൽ ചരിക്കുമാറാക്കുന്നു.

# WINGS സ്കൂൾ മാസ്റ്റർ പ്ലാൻ

GIVING FLIGHT TO HOPES AND DREAMS

## ലക്ഷ്യം

1. പഠന വിഷയങ്ങളിൽ ആശയദൃഢത ഉ  ാകണം. കണക്ക് , സയൻസ് , ഐ.ടി, ഭാഷ വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
2. പാഠ്യേതര വിഷയങ്ങളിൽ വൈവിദ്ധ്യവും ആർജ്ജവവും വേണം.
3. അക്കാദമിക മികവിന് വേ  ിയുള്ള പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

## കാഴ്ചപ്പാട്

1. മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
2. സമാന പ്രായത്തിലുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന പഠനനേട്ടങ്ങളും ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു ് എന്ന ഉറപ്പാക്കൽ.
3. പരിസ്ഥിതി, കൗൺസിലിങ്, ജനാധിപത്യം, ലഹരിവിരുദ്ധ മനോഭാവം, കാർഷിക സംസ്ക്കാരം എന്നിവയിലടങ്ങിയിരിക്കുന്ന സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപികരണ പ്രക്രിയ ഘട്ടങ്ങൾ

1. എസ് . ആർ . ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും , ചർച്ചയും.
2. വികസനാവശ്യങ്ങൾ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഭൗതികം , അക്കാദമികം , സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ , എസ്.ആർ.ജി . എസ്. എം.സി. , പി.ടി.എ, എം.പി.ടി.എ , ഒ .എസ്.എ , പൊതു ജനാധിപത്യ പ്രതിനിധികൾ , ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നു വന്ന നിർദേശങ്ങൾ കൂട്ടിച്ചേർത്തുകൊ ് മാനേജ്മെന്റ് – പി. ടി. എ യുടെ നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറാക്കൽ.

# സ്ക്കൂളിലെ നിലവിലെ അവസ്ഥയുടെ വിശകലനം

**1. ഭൗതികം** – **നേട്ടങ്ങൾ**

എല്ലാ ക്ലാസ് മുറികളും **Smart Class** ആക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**2. ഭൗതികം** – **പരിമിതികൾ**

a. സ്റ്റാഫ് മുറി , ലാബ് , ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളില്ല.

b. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല

c. ഓഡിറ്റോറിയം നിലവിലില്ല

d. വാഹന ഷെഡ് നിർമ്മിക്കേ തു ്

e. ഭോജനശാല ആവശ്യമാണ്

f. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്

g. കളിസ്ഥലം പുനർനിർമ്മിക്കണം

h. ജൈവവൈവിധ്യപാർക്ക് ചുറ്റുമതിൽ

i. സ്പോട്സ് , ഹോസ്റ്റൽ.

**3. അക്കാദമികം** – **നേട്ടങ്ങൾ**

a. വർഷങ്ങളായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികളെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുത്തി നൂറുശതമാനം വിജയം കൈവരിക്കുന്നു.

b. ജെ. ആർ. സി. യൂണിറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു ്.

c. സ്കൗട്ട് , ഗൈഡ് എന്നീ സംഘടനകൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

d. അവധിക്കാലക്ക് പഠനപരിശീലന കളരികൾ നടത്തി വരുന്നു.
( ഭാഷ ,ഗണിതം ,കമ്പ്യൂട്ടർ)

e. സന്നദ്ധസംഘടനകളുമായി സഹകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

f. **SPC, NCC** യൂണിറ്റ് പ്രവർത്തിച്ചുവരുന്നു

**4. അക്കാദമികം** **പരിമിതികൾ**

a. വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേ തു ്.

b. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തനങ്ങൾ ക െ ത്തുവാൻ പരിശ്രമിക്കണം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം
- ശാസ്ത്ര പഠനം
- വായന
- ലൈബ്രറി
- ലാബ്
- നാടക കളരി
- പഠനയാത്ര
- സെമിനാർ
- കലാമേള
- കായികമേള.
- ഐ.ടി. പരിശീലനം
- സ്ക്കൂൾ പത്രം

- സ്ക്കൂൾ മാസിക
- പ്രവർത്തി പരിചയം
- അഭിമുഖം
- ശില്പശാല
- ഒറിഗാമി
- ഗണിതലാബ്
- ലാഗ്വേംജ് ലാബ്
- ബ്ലോഗ്
- ദിനാചരണങ്ങൾ
- കലാപഠനം
- കായികപഠനം
- ഗവേഷണം
- കുട്ടികളുടെ റേഡിയോ നിലയം
- ചലച്ചിത്രോത്സവം

# ഭൗതികം

| | |
|---|---|
| ✪ പ്രവേശനകവാടം<br>✪ ദിശ ബോർഡ്<br>✪ ചാരുബഞ്ചുകൾ<br>✪ ഓഡിറ്റോറിയം<br>✪ ഡിസ്‌പ്ലേ ബോർഡ്<br>✪ ടാലന്റ് ലാബ്<br>✪ മൾട്ടിമീഡിയ റൂം<br>✪ ലൈബ്രറി<br>✪ പാചകപ്പുര<br>✪ ഊട്ടുപുര<br>✪ ബയോഗ്യാസ് പ്ലാന്റ്<br>✪ മഴവെള്ള സംഭരണി<br>✪ സോളാർ പാനൽ<br>✪ സി.സി. ടി വി ക്യാമറ | ✪ സ്ഥിരമായ ട്രാക്ക് സംവിധാനം<br>✪ വോളിബോൾ കോർട്ട്<br>✪ ഗ്രാസ് കോർട്ട്<br>✪ ആട്യാ,പാട്യാ കോർട്ട്<br>✪ ഇൻഡോർ ഗെയിം ഔട്ട് ഡോർ<br>✪ ഗെയിം സ്റ്റോർ റൂം.<br>✪ നീന്തൽ കുളം<br>✪ ഫസ്റ്റ് എയ്ഡ് റൂം<br>✪ നക്ഷത്രവനം<br>✪ ഗാർഡൻ<br>✪ ഔഷധതോട്ടം<br>✪ ജൈവവൈവിധ്യപാർക്ക്<br>✪ മാലിന്യ സംസ്‌കരണ സംവിധാനം |

# സാമൂഹികം

| | |
|---|---|
| 🕘 പി.ടി.എ ശക്തിപ്പെടുത്തൽ<br>🕘 വിദ്യാലയ വികസന സമിതി<br>🕘 പൂർവ്വവിദ്യാർത്ഥി സംഘടന<br>🕘 ഗ്രന്ഥശാലകൾ ക്ലബുകൾ | 🕘 വിദ്യാഭ്യാസ പ്രവർത്തകർ<br>🕘 പൂർവ്വ അധ്യാപകർ<br>🕘 ഭവന സന്ദർശനം<br>🕘 റിസോഴ്സ് മാപ്പിംങ് |

# Academic Master Plan

## മലയാളം

WINGS
SM
GIVING FLIGHT TO HOPES AND DREAMS

**പ്രവർത്തനം . 1 – ലൈബ്രറി രൂപീകരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളുടെ ക്ലാസ് ലൈബ്രറി രൂപീകരണം വായന വികസനം **ഹ്രസ്വ കാലം** | പുതുവർഷം പുസ്തക വർഷം | ജനുവരി | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 2_വായനശേഷി വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളിൽ വായനശേഷി വികസിപ്പിക്കുക സ്കൂൾ ലൈബ്രറി വികാസത്തിൽ പങ്കാളികളാവുക **ദീർഘ കാലം** | ലൈബ്രറി വികസനം | മുഴുവൻ പ്രവർത്തി ദിവസങ്ങൾ ഉൾപ്പെടുത്തി കൊ | ലൈബ്രേറിയൻ | ക്ലാസ് ടീച്ചർ |

**പ്രവർത്തനം 3 മലയാളത്തിളക്കം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികൾ ആർജ്ജിക്കേ ത് നേടിയോ എന്ന് തിരിച്ചറിയൽ **മധ്യകാലം** | മിനിമം ലെവൽ നൈപുണി നേടാൻ കവിയാത്ത കുട്ടികളുടെ എണ്ണം ക ത്തൽ ( Pre-test) | ഒന്നാം പാദ വാർഷിക പരീക്ഷയ്ക്കു ശേഷം OR അർദ്ധവാർഷിക പരീക്ഷയ്ക്കു ശേഷം | മലയാളം അധ്യാപിക ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 4**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാ വസ്ഥ | അക്ഷരമുറപ്പിൽ ചിഹ്നങ്ങളുറപ്പിക്കൽ അക്ഷരകാർഡ് പദകാർഡ് പദ നിർമ്മാണം , വാക്യങ്ങൾ നിർമ്മി | ജൂൺ ജൂലൈ ആഗസ്റ്റ് | യു.പി. എച്ച് എസ് മലയാള അധ്യാപകർ | സാമ്പത്തിക വിശകലനം – 1000/ |

| | | | | |
|---|---|---|---|---|
| പരിഹരിക്കൽ<br>**ഹ്രസ്വ കാലം** | ക്കുക ചിത്ര വായന ,ചിത്രം-കഥ പറയൽ കഥാപൂരണം, കഥാപുസ്തകം നൽകൽ | | | |

**പ്രവർത്തനം 5 എഴുത്തുകൂട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക ശേഷിയുടെ വികാസം<br>**ഹ്രസ്വ കാലം** | സർഗ്ഗാത്മക രചനയിൽ താൽപര്യമുളള കുട്ടികളെ കെ ത്തുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്യുക | ജൂൺ ജൂലൈ ആഗസ്റ്റ് | വിദ്യാരംഗം | |

**പ്രവർത്തനം 6 മലയാളം ബ്ലോഗ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക രചനകൾ പ്രസീദ്ധികരിക്കുക<br>**മധ്യകാലം** | ബ്ലോഗ് നിർമ്മാണം | അക്കാദമിക വർഷം | വിദ്യാരംഗം | |

**പ്രവർത്തനം 7 നാടക ക്യാമ്പ് – നാടക കളരി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിക്കളുടെ അഭിനയസാധ്യത കെ ത്തി പ്രോത്സാഹിപ്പിക്കുക<br>**ഹ്രസ്വ കാലം** | അഭിനയത്തിലും എഴുത്തിലും താൽപര്യമുളള കുട്ടികളെ കെ ത്തി ഒരു രാത്രിയും ര ു പകലും ഉൾപ്പെടുത്തികൊ ് നാടകക്യാമ്പ് | ഏപ്രിൽ മെയ് അല്ലെങ്കിൽ ഓണം അവധികാലം | വിദ്യാരംഗം | |

**പ്രവർത്തനം 8 തിരക്കഥ – ചലച്ചിത്രോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച രചനകൾ തിരക്കഥകൾ പരിചയപ്പെടൽ സർഗ്ഗാത്മക രചനയുടെ നിർവ്വഹണം<br>**ഹ്രസ്വ കാലം** | ചലച്ചിത്രോത്സവം | ജൂലൈ | വിദ്യാരംഗം | |

**പ്രവർത്തനം 9 വിദ്യാലയ പത്രപ്രസിദ്ധീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പത്രപ്രവർത്തന ത്തിനുളള ശേഷി കൈവരിക്കൽ **മധ്യകാലം** | ക്ലാസ്പത്രം സ്ക്കൂൾപത്രം തയ്യാറാക്കൽ | ഒരു മാസത്തി ലൊരിക്കൽ പത്ര പ്രസിദ്ധീകരണം | വിദ്യാരംഗം | പി.ടി.എ |

**പ്രവർത്തനം 10**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ പുസ്തകം പരിച യപ്പെടുക ഗ്രന്ഥ ശാല പരിചയം **ഹ്രസ്വ കാലം** | വിദ്യാലയത്തിലു ളള മുഴുവൻ കുട്ടി കൾക്കും ഏതെ ങ്കിലും ലൈബ്രറി യിൽ അംഗത്വം. | ജൂൺ മാസം | വിദ്യാരംഗം മലയാള അധ്യാപകർ | പി.ടി.എ ഒ.എസ്.എ |

**പ്രവർത്തനം 11**
**വാർത്ത പ്രതികരണ പരിപാടി.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമകാലിക വിഷ യങ്ങളിൽ പ്രതിക രണശേഷി വർദ്ധി പ്പിക്കുക പത്ര വായനശീലം വളർത്തുക. **മധ്യ കാലം** | പത്രവാർത്തക ളോട് പ്രതികരി ച്ചുകൊ ് ചർച്ച യിൽ പങ്കെടു ക്കൽ | ആഴ്ചയി ലൊരിക്കൽ | വിദ്യാരംഗം | |

**പ്രവർത്തനം 12 എന്റെ പത്രവായന പുസ്തകം**

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് പത്രവായ നാശീലം വളർത്തുക പത്രവായനയിൽ നിന്നും ലഭ്യമാകുന്ന അറിവ് എഴുതി സൂക്ഷിക്കുക. **മധ്യകാലം** | പത്രവാർത്തക ളോട് പ്രതികരി ച്ചിട്ട് ചർച്ചയിൽ പങ്കെടുക്കുക. | ഒരു അദ്ധ്യാ യന വർഷം | മലയാള അധ്യാ പകർക്കും രക്ഷി താകൾക്കും | |

**പ്രവർത്തനം 13 എന്റെ വായനാക്കുറിപ്പ് പുസ്തകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം വളർത്തുക | പുസ്തക വായനയും | | വിദ്യാരംഗം | |

| | | | | |
|---|---|---|---|---|
| വായിച്ച അനുഭവം എഴുതി സൂക്ഷിക്കുക **മധ്യകാലം** | വായനാക്കുറിപ്പും | ഒരു അദ്ധ്യായന വർഷം | | |

**പ്രവർത്തനം 14 സാഹിത്യകാരന്മാരുടെ ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകാര ന്മാരെയും അവ രുടെ കൃതികളും പരിചയപ്പെടുക **മധ്യകാലം** | ദിനാചരണം | ഒരു അദ്ധ്യയന വർഷം | വിദ്യാരംഗം | |

**പ്രവർത്തനം 15 കുട്ടികളുടെ റേഡിയോ നിലയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരി ക്കൽ **മധ്യകാലം** | കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം ഔദ്യോഗിക അറിയിപ്പ് നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങൾ | SRG | |

**പ്രവർത്തനം 16**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ **മധ്യകാലം** | കളിക്കൂട്ടം, സാഹിത്യക്കൂട്ടം, എഴുത്തുകൂട്ടം, വായനകൂട്ടം എന്നിവ സംഘടിപ്പിക്കൽ | മാസത്തിൽ ര ് ശനിയാഴ്ച ദിവസങ്ങളിൽ | SRG | |

**പ്രവർത്തനം 17**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ **മധ്യകാലം** | നാടകകളരി, നാടൻപാട്ടുകൾ, നാടകക്യാമ്പ്, തിരക്കഥ, ചലച്ചിത്രോത്സവം, ശില്പശാല എന്നിവ നടത്തുക | വർഷത്തിൽ ര ് പ്രാവശ്യം | SRG | |

WINGS

GIVING FLIGHT TO HOPES AND DREAMS

# സംസ്കൃതം

മേഖല : അക്കാദമികം – സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1** സംസ്കൃത പഠനം സുഗമ മാക്കുന്നതിന് **മധ്യകാലം** | ഭാഷ പഠിക്കുന്നതിനായി അവശ്യം വേ ത് അക്ഷരജ്ഞാനമാണ്. യു.പി. തലത്തിൽ കുട്ടികളെ ചാർട്ടുകളുടെയും ചിത്രങ്ങളുടെയും സഹായത്തോടെ അക്ഷരങ്ങളും ചിഹ്നങ്ങളും സ്വായത്തമാക്കി എന്ന് ഉറപ്പു വരുത്തുന്നു. കളിയുടെ രൂപത്തിൽ വിവിധ അക്ഷരങ്ങൾ തിരഞ്ഞെടുക്കുന്നു തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടത്തുന്നു. വിവിധ വസ്തുക്കൾ, സംഖ്യകൾ, ആഴ്ചകളുടെ പേരുകൾ പരിശീലിപ്പിക്കുന്നു. ചിത്രങ്ങളും മറ്റും കാണിച്ച് കുട്ടികളെ കൊ ് പേര് പറയിപ്പിക്കുന്നു. | യൂണിറ്റിന് ഒന്ന് | സംസ്കൃത അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **2** സംസ്കൃത സംഭാഷണ പരിശീലന നൈപുണി **മധ്യകാലം** | ക്ലാസിൽ സംസ്കൃത ഭാഷ കേൾക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നു. അധ്യാപകൻ ലഘുഭാഷണങ്ങൾ – പേര്, വീട്ടുപേര്, അച്ഛന്റെ പേര്, അമ്മയുടെ പേര് എന്നിവ എങ്ങനെ സംസ്കൃത ഭാഷയിൽ ചോദിക്കാം മാതൃകാ രൂപേണ ക്ലാസ്സിൽ ചോദിക്കുന്നു. കുട്ടികളെ കൊ ് മറുപടി പറയിക്കുന്നു. ICT സഹായത്തോടെ സംഭാഷണ, വ്യാകരണ ക്ലാസുകൾ കാണിച്ചു കൊടുക്കുന്നു | ഒരു അദ്ധ്യയന വർഷം | സംസ്കൃത അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **3** അക്ഷര | ക്ലാസ്റൂം പ്രവർത്തനത്തിന് പുറമെ കുട്ടികൾക്ക് ഒഴിവുള്ള സമയത്ത് പ്രത്യേകമായി തയ്യാറാക്കിയ അക്ഷര | First Term | സംസ്കൃത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| പഠനം<br>**ഹ്രസ്വ കാലം** | ഫലകമുപയോഗിച്ച് ചിഹ്നങ്ങളും ചെറിയ വാക്കുകളും പരിചയ പ്പെടുത്തി വായനശേഷി വർദ്ധിപ്പിക്കുന്നു | | | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| **4**<br>സംസ്കൃത ദിനം<br>**ഹ്രസ്വ കാലം** | സംസ്കൃത ഭാഷയുടെ പ്രാധാന്യം മനസിലാക്കുന്നതിലൂടെ കുട്ടികൾക്ക് ആ ഭാഷയോടുള്ള ആഭിമുഖ്യം വളരും. ഇതിനായി സംസ്കൃത ദിനത്തിൽ കുട്ടികൾ തന്നെ നിയന്ത്രിക്കുന്ന അസംബ്ലി | **August** | സംസ്കൃത വിദ്യാർത്ഥികൾ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| **5**<br>സ്കോളർ ഷിപ്പ്<br>**ഹ്രസ്വ കാലം** | സമർത്ഥരായ കുട്ടികൾക്കായി സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ. കുട്ടികൾക്ക് വേറിട്ട പരീക്ഷ അനുഭവവും ഭാഷയിൽ താല്പര്യവും ജനിപ്പിക്കുന്നു | Third Term | സംസ്കൃത അധ്യാപകൻ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| **6**<br>പാഠ ഭാഗത്തിന്റെ Video( ICT)<br>**മധ്യകാലം** | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ കുട്ടികളിൽ പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നു | ഒരു അദ്ധ്യയന വർഷം | സംസ്കൃത അധ്യാപകൻ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| **7**<br>സംസ്കൃത സംഭാഷണം<br>**മധ്യകാലം** | സംസ്കൃത സംഭാഷണ ശേഷി വർദ്ധിപ്പിക്കുന്നതിനായി താഴ്ന്ന ക്ലാസിലെ കുട്ടികളെ മുതൽ സംഭാഷണ വീഡിയോ കാണിക്കുന്നു. | ഒരു അദ്ധ്യയന വർഷം | സംസ്കൃത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | അതുപോലെ പരിശീലിപ്പിക്കുകയും ചെയ്യുന്നു | | | |

WINGS

GIVING FLIGHT TO HOPES AND DREAMS

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1** എല്ലാ കുട്ടികൾ ക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനു മുള്ള ശേഷി വളർത്തൽ **മധ്യകാലം** | 5,6 ക്ലാസിലെ കുട്ടികൾ അക്ഷരങ്ങളും സ്വരചിഹ്നങ്ങളും ഉറപ്പിച്ച് അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ കണ്ടെത്തുകയും എഴുതുകയും അവയുടെ അർത്ഥം മനസിലാക്കുവാനുമുള്ള അവസരങ്ങൾ കൊടുക്കുന്നു | ഒരു അധ്യയന വർഷം | ഹിന്ദി അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **2** ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ **ഹ്രസ്വ കാലം** | ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡ് തയ്യാറാക്കൽ. (പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ, പലവ്യഞ്ജനം എന്നിവയുടെ ചിത്രങ്ങളും ചേർക്കാം) | **First Term** | ഹിന്ദി അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **3** ഹിന്ദി വായനാശീലം വർദ്ധിപ്പിക്കൽ **മധ്യകാലം** | ക്ലാസ്സുകളിൽ വായനാശീലം വർദ്ധിപ്പിക്കാൻ ഹിന്ദിയിലുള്ള ചെറിയ കഥ, കവിത, ചിത്രകഥ, ബാലമാസിക, ഉപന്യാസം മുതലായവ അധിക വായനയ്ക്കായി കൊടുക്കാൻ ആഗ്രഹിക്കുന്നു | ഒരു അധ്യയന വർഷം | ഹിന്ദി അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 4ഹിന്ദി എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കുക അവതരണ ശേഷിവർദ്ധി പ്പിക്കൽ. **ഹ്രസ്വ കാലം** | ഹിന്ദിയിൽ ചെറിയ കവിത, കഥ, ഉപന്യാസം ഇവയുടെ വായനാ കുറിപ്പുകൾ തയ്യാറാക്കൽ, ഓരോ വിഷയങ്ങൾക്ക് അനുസരിച്ച് അതുമായി ബന്ധപ്പെട്ട് 4, 5 വാക്യങ്ങൾ പറയുവാനും എഴുതു വാനും പരിശീലിപ്പിക്കുക. (വർക്ക് ഷീറ്റ് കൊടുക്കാം) | **Second Term** | ഹിന്ദി അധ്യാപകൻ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 5സാഹിത്യകാ രന്മാരെയും അവരുടെ കൃതികളെയും പരിചയപ്പെടുക. **ഹ്രസ്വ കാലം** | ഹിന്ദി ദിനാചരണവും ഹിന്ദി സാഹിത്യകാരന്മാരുടെ ജന്മദിനാ ചരണവും നടത്തുക. അവരുടെ കൃതികളെ പരിചയപ്പെടാനുള്ള അവസരം കൊടുക്കുക | **Second Term** | ഹിന്ദി അധ്യാപകൻ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 6ഹിന്ദി ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുക **മധ്യകാലം** | സന്ദർഭോചിതമായ സംഭാഷണങ്ങൾ തയ്യാറാക്കാൻ പരിശീലിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഹിന്ദി അന്തരീ ക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം, ഹിന്ദി സിനിമ, ഹിന്ദി ഡോക്യുമെന്ററി, ഹിന്ദി കവിത ഇവ കേൾക്കുവാനും കാണുവാനുമുള്ള അവസരം ഉളവാക്കുക | ഒരു അധ്യയന വർഷം | **ഹിന്ദി അധ്യാപകൻ** | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 7ഹിന്ദി വ്യാകരണം പരിചയപ്പെടൽ **മധ്യകാലം** | ഹിന്ദി വ്യാകരണം പരിചയപ്പെടു ന്നതിനുതകുന്ന ICT പഠന പ്രവർത്തനങ്ങളും വർക്ക് ഷീറ്റുകളും ഉൾപ്പെടുത്തുക | ഒരു അധ്യയന വർഷം | ഹിന്ദി അധ്യാപകൻ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| **8**ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക **മധ്യകാലം** | സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുക. ഹിന്ദി പതിപ്പുകൾ തയ്യാറാക്കുക. രചനാവൈഭവമുള്ള കുട്ടികളുടെ സാഹിത്യ രചനകൾ ശേഖരിക്കുക | ഒരു അധ്യയന വർഷം | ഹിന്ദി അധ്യാപകൻ | |

# Academic Master Plan

## English

WINGS

GIVING FLIGHT TO HOPES AND DREAMS

## Activity - 1

Activity : English Assembly
Sub Theme : To develop English Language skills (Reading , Speaking , Listening )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To enable the learners to develop the ability of speaking , Reading , Writing and Listening skills മധ്യകാലം | 1. English Assembly<br>2. Thought of the Day<br>3. Message<br>4. News paper Reading<br>5. Language Lab<br>6. IT enabled classes<br>7.Publc Speaking | **One in a Term** | Class Tr & English Tr. | |

## Activity - 2

Activity : Spell Bee Sub Theme : To develop vocabulary

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To enhance vocabulary | Spelling check compaition | **One academic year** | English Teacher &English club | 500 |

## Activity - 3

Activity : English Bulletin
Sub Theme : Creative Writing In English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| To develop the skill of creative writing<br><br>**മധ്യകാലം** | 1. Story writing<br>2. Poem Writing<br>3. Writing based on each month topic (June - Monsoon , July - Population , August - Freedom , Sept. - Onam ) | Once in a month | English Teacher | |

## Activity - 4

Activity : Public Speaking
Sub Theme : To enhance speaking skill

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To enhance speaking skill<br>*To build confidence and leadership<br>*To strengthen communication skill | *Debate session<br><br>*voice modulation drill<br><br>* Group discussion<br><br>* Story telling sessions<br><br>*Imprompte Speeches (Pick a random topic and speak on it for 1-2 mineets) | **6 months** | English Tr./English club | |

## Activity - 5

Activity : English Corner
Sub Theme : To develop English Language skills

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To create different situation in learning English | 1. English library (magazine, Library , Story | **1 year** | English Club | |

| | | | | |
|---|---|---|---|---|
| മധ്യകാലം | books , news papers )<br>2. English News Board | | | |

## Activity - 6

Activity : Film fest
Sub Theme : To develop language skill

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To deveiop language skill<br>*To encourage creative expression<br>*To celebrate cinema and culture<br>* To Promte global and local films<br>*To encourage discussion and critical thinking | * Give movie time<br>*Film review corner<br>*cultural perfomancess | **1 year** | Class Teacher English Club | 1500 |

## Activity - 7

Activity : Creative Corner
Sub Theme : To develop creativity

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * To promote a culture of creativity and innovation<br>* To build confidence<br>* To encourage self expression | *Short story, Essay writing<br>* Poetry and story telling wall. | **1 year** | English Teacher/ English Club | 5000 |

# Academic Master Plan

## Social Science

WINGS

GIVING FLIGHT TO HOPES AND DREAMS

**പ്രവർത്തനം 1**

**പേര് : സമഗ്ര പോർട്ടൽ ശില്പശാല**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ<br>**മധ്യകാലം** | സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേയ്ക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്. ആർ.ജിയുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കെ ത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | S R G | |

**പ്രവർത്തനം 2**

**പേര് : ലോക സഞ്ചാരം**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇന്ത്യയിലെ സംസ്ഥനങ്ങളെ പരിചയപ്പെടൽ<br>**മധ്യകാലം** | ഇന്ത്യയുടെ ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു വലിയ ഭിത്തിയിൽ വലിയതായിചിത്രീകരിക്കുന്നു. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ സംസ്ഥാനവുമായി ബന്ധപ്പെട്ടുവരുന്ന വാർത്തകൾ അതാതു സംസ്ഥാനങ്ങളിൽ ഒട്ടിക്കുന്നു.മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീ ും പ്രവർത്തനം ആരംഭിക്കാം | പ്രതിദിനം ഓരോ ക്ലാസ്സ് തിരിച്ച് | S.S അദ്ധ്യാപകർക്ക് | |

**പ്രവർത്തനം 3**

**പേര് : ചരിത്രകല ർ**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര ബോധം വളർത്തിയെടുക്കൽ<br>**മധ്യകാലം** | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കല ർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കല ർ രൂപപ്പെടും | പ്രതിദിനം | S.S അദ്ധ്യാപകർക്ക് | |

**പ്രവർത്തനം 4**

**പേര്** : **മോക്ക് പാർലമെന്റ്**
**മേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ<br><br>സ്കൂൾ പാർലമെന്റ് രൂപികരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ഓണക്കാല സമ്മേളനം | S.S Club | |

**പ്രവർത്തനം 5**

**പേര്** : **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ**
**മേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര വിഭാഗത്തിന്റെ വിശാലമായ ഭൂമിയിലേയ്ക്ക് പ്രവേശിപ്പിക്കൽ | പ്രാത്യേക വിഭാഗത്തിൽസാമൂഹ്യ ശാസ്ത്ര അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, മാപ്പുകൾ എന്നിവ ക്രമികരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S.S Club | |

**പ്രവർത്തനം 6**

**പേര്** : **ബുള്ളറ്റിൻ ബോർഡ്**
**മേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ **മധ്യകാലം** | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓരോ ക്ലാസ്സ് തിരിച്ച് | S.S അദ്ധ്യാപകർക്ക് | |

## പ്രവർത്തനം 7

**പേര്** : **സാമൂഹ്യശാസ്ത്ര ലാബ്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ (ശേഖരണങ്ങൾ, നാണയം, സ്റ്റാമ്പ്, പഴയകാല ഉപകരണങ്ങൾ, രേഖകൾ മുതലായവ) | വർഷത്തിൽ ഒരു പ്രാവശ്യം | S.S Club | PTA, OSA |

## പ്രവർത്തനം 8

**പേര്** : **പഠന യാത്രകൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് **മധ്യകാലം** | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ മൂന്ന് | S.S Club | PTA |

## പ്രവർത്തനം 9

**പേര്** : **ദിനാചരണങ്ങൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര ബോധവും ദേശീയ ബോധവും വളർത്തുന്നതിന് **മധ്യകാലം** | റാലികൾ, പ്രദർശനങ്ങൾ, ക്വിസ്സ്, സ്ലൈഡ് ഷോസ്, ഡിബേറ്റുകൾ മുതലായ പ്രവർത്തനങ്ങളിലൂടെ സമുചിതമായി ആഘോഷിക്കുന്നു. | അതാതു ദിനങ്ങളുമായി ബന്ധപ്പെട്ട് | S.S Club | |

## പ്രവർത്തനം 10

**പേര്** : **ഡിബേറ്റ് ക്ലബ്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപികരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമി | മാസത്തിൽ ഒന്നു വീതം | S.S Club | **PTA** |

| | | | | |
|---|---|---|---|---|
| **മധ്യകാലം** | നാർ, ഡിബേറ്റ് പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | | | |

GIVING FLIGHT TO HOPES AND DREAMS

# Science

# Academic Master Plan

| | പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|---|
| 7 | **കിണർ ജല പരിശോധന**<br>**മധ്യകാലം** | കിണറുകളിലെ ജലം ഉപയോഗ യോഗ്യമോ എന്നു പരിശോധിക്കുന്നതിന് | കുട്ടിൾ സംഘങ്ങളായി അധ്യാപക മേൽ നോട്ടത്തിൽ ചുറ്റു പാടുള്ള കീണർ ജല സാമ്പിൾ ശേഖരിക്കുന്നു. ജല പരിശോധന കിറ്റുകൾ ഉപയോഗിച്ച് സാമ്പിൾ പരിശോധന, ഫലം അറിയിച്ച് വേ പ്രതിവി | ജൂൺ, ജൂലൈ, ആഗസ്റ്റ് | സയൻസ് ക്ലബ്ബ്<br>പിറ്റിഎ |

| | പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|---|
| 1 | **സയൻസ് ചോദ്യ ബാങ്ക്** മധ്യകാലം | ലിഷർ പിരിയഡുകളുടെ ഫലപ്രദമായ വിനിയോഗം | ബന്ധപ്പെട്ട വിഷയത്തിന്റെ അധ്യാപകർ മാസത്തിൽ ഒത്തുകൂടി യുണിറ്റ് തലത്തിൽ ചോദ്യബാങ്ക് തയ്യാറാക്കുന്നു. ആവശ്യത്തിന് കോപ്പികൾ എടുത്ത് ലഭ്യമാക്കുന്നു. | ഓരോ മാസവും | സയൻസ് ക്ലബ്ബ് |
| 2 | **വൃക്ഷങ്ങൾക്ക് അഡ്രസ്സ് നൽകൽ** മധ്യകാലം | സസ്യങ്ങളുടെ ശാസ്ത്രനാമം മനസ്സിലാക്കുക | കോമ്പൗ ിലെ മുഴുവൻ വൃക്ഷങ്ങളുടെയും സാധാരണ നാമവും, ശാസ്ത്ര നാമവും ശേഖരിക്കുന്നു. തുടർന്ന് ഇവ മെറ്റൽ പ്ലേറ്റിൽ എഴുതി വൃക്ഷത്തിന് ലേബൽ നൽകുന്നു. | ജൂൺ | സയൻസ് ക്ലബ്ബ്. |
| 3 | **ജൈന്റ് പീരിയോഡിക്ക് ടേബിൾ ഹ്രസ്വ കാലം** | മൂലകങ്ങളുടെ പേര്, പ്രതീകം, അറ്റോമിക നമ്പർ , സ്ഥാനം പരിചയപ്പെടൽ | നിർദ്ദിഷ്ട അളവിലുള്ള 105 ചാർട്ട് പേപ്പറുകളിൽ ഓരോ മൂലകങ്ങളുടെ വിവരങ്ങൾ 105 കുട്ടികൾ തയ്യാറാക്കി ഭിത്തിയിൽ ക്രമീകരിച്ചിരിക്കുന്ന ഫ്രെയിമിൽ പേസ്റ്റ് ചെയ്ത് തയ്യാറാക്കുന്നു. | ജൂലൈ | സയൻസ് ക്ലബ്ബ്. |
| 4 | **നക്ഷത്ര വനം** **ദീർഘ കാലം** | വൃക്ഷ പരിപാലനം | കുട്ടികളെ , അധ്യാപകരെ നാൾ അടിസ്ഥാനത്തിൽ 27 ഗ്രൂപ്പ് ആക്കുന്നു .. അതാതു നാളിന്റ വൃക്ഷങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ടസ്ഥാനത്ത് നടുന്നു , പരിപാലിക്കുന്നു. | വർക്ഷം മുഴുവൻ | സയൻസ് ക്ലബ്ബ്. |
| 5 | **ശാസ്ത്ര പ്രദർശനങ്ങൾ** മധ്യകാലം | ശാസ്ത്രാഭിരുചി, ശാസ്ത്രീയ മനോഭാവം വളർത്തുക, ശാസ്ത്രപഠനം മെച്ച പ്പെടുത്തുക | പ്ര. 5മുതൽ 12 വരെ ക്ലാസ്സ് തലത്തിൽ സയൻസ് ഷോ ആയി സംഘടിപ്പിക്കുന്നു. മെച്ചപ്പെട്ടവ ഉൾപ്പെടുത്തി സ്ക്കൂൾ തലത്തിൽ നവംമ്പർ മാസത്തിൽ മെഗാഷോ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ നവംമ്പർ വരെ | സയൻസ് ക്ലബ്ബ്. |

| | | | | | |
|---|---|---|---|---|---|
| | | | ധി നിർദ്ദേശിക്കുന്നു. | | |
| 8 | **സോപ്പു നിർമ്മാണം** | ശുദ്ധമായ സോപ്പു നിർമ്മിച്ച് ഉപയോഗിക്കാൻ ഉള്ള | ക്ലാസ്സ് അടിസ്ഥാനത്തിൽ കുട്ടികൾ മാസത്തിലൊരിക്കൽ സോപ്പു നിർമ്മാണ കിറ്റുകൾ ഉപയോഗിച്ച് സോപ്പു നിർമ്മിച്ച് വിൽപ്പന നട | എല്ലാ മാസവും | സയൻസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 6 | **എയ്ഡ്സ് ദിനാചരണം**<br>ഹ്രസ്വ കാലം | എയ്ഡ്സ് ബോധവൽ കരണം | വീഡിയോ പ്രദർശനം ക്ലാസ്സ് തല ബോധവൽകരണ ക്വിസ്സ് പ്രോഗ്രാം ലെറ്റർസ് വിതരണം, എയ്ഡ്സ് ദിന സന്ദേശവുമായി റെഡ് റിബൺ മാർച്ച് , ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ലഘു ലേഖ വിതരണം. തെരുവു നാടകം | ഡിസംബർ 1 | സയൻസ് ക്ലബ്ബ്<br>പിറ്റിഎ |
| | **മധ്യകാലം** | മനോഭാവം സൃഷ്ടിക്കാൻ | ത്തുന്നു. ലാഭവിഹിതം ചാരിറ്റി പ്രവർത്തനങ്ങൾക്കായ് നീക്കിവയ്ക്കുന്നു. | | |
| 9 | **പ്ലാസ്റ്റിക് വിരുദ്ധ കാമ്പസ**<br>**മധ്യകാലം** | സ്ക്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കാൻ, | പ്ലാസ്റ്റിക്ക് ഉപയോഗം പരിമിതപ്പെടുത്താൻ ബോധവൽക്കരണം പ്രവർത്തനങ്ങൾ, പകരം സംവിധാനങ്ങൾ പരിചയപ്പെടുത്തൽ , മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കൽ | എല്ലാ മാസവും | സയൻസ് ക്ലബ്ബ് |
| 10 | **എനർജി സേവിംഗ് ക്യാംപെയ്ൻ. ഹ്രസ്വ കാലം** | വൈദ്യുതി ലാഭിക്കുന്നതിനായ് | ബോധവൽക്കരണക്ലാസ്സ് , വീഡിയോ പ്രദർശനം | ഒക്ടോബർ | സയൻസ് ക്ലബ്ബ് |
| 11 | **ലഹരി വിമുക്ത കാമ്പസ്സ്**<br>**(മധ്യകാലം)** | ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരായ മനോഭാവം വളർത്തുക | ബോധവൽക്കരണക്ലാസ്സ് , വീഡിയോ പ്രദർശനം, ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ലഘു ലേഖ വിതരണം. തെരുവു നാടകം | ജൂലൈ | സയൻസ് ക്ലബ്ബ് |
| 12 | **കാർക്ഷീക മേള (ഹ്രസ്വ കാലം)** | കുട്ടികളിൽ കൃഷിചെയ്യാനുള്ള മനോഭാവം വളർത്തുക | വീട്ടിൽ കൃഷി ചെയ്ത ഉ ാക്കിയ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ ഇവയുടെ പ്രദർശനവും വിൽപ്പനയും , ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുന്നു. | ചിങ്ങം 1 | സയൻസ് ക്ലബ്ബ്<br>പിറ്റിഎ |

| | **പേര്** | **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|---|---|
| 13 | **ഫുഡ് ഫെസ്റ്റ്** | ആരോഗ്യകരമായ ഭക്ഷണ വിഭവങ്ങൾ വീട്ടിൽ തന്നെ തയ്യാറാക്കാൻ ഉള്ള മ | പോഷക സമൃദ്ധമായ പലതരം വിഭവങ്ങൾ , സ്നാക്സുകൾ, പാനീയങ്ങൾ തുടങ്ങിയവ ഉൾപ്പെട്ട സ്റ്റാളുകൾ | ഓണ നാളുകളിൽ | സയൻസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | **ഹ്രസ്വ കാലം** | നോഭാവം സൃഷ്ടിക്കാൻ | ക്ലാസ്സ് അടിസ്ഥാനത്തിൽ, മാതാപിതാക്കളെ ഉൾപ്പെടുത്തി | | പിറ്റിഎ |
| **14** | **സയൻസ് മാഗസിൻ മധ്യകാലം** | ശാസ്ത്ര സാക്ഷരത വളർത്തുവാൻ | ശാസ്ത്ര വാർത്തകൾ ശേഖരിച്ച് , പ്രിന്റ് ചെയ്ത് ടേമിൽ ഒന്നു വീതം പ്രസിദ്ധീകരിക്കുന്നു , ഓരോക്ലാസ്സിലും ആവശ്യത്തിൻ കോപ്പികൾ ലഭ്യമാക്കുന്നു. മാഗസ്സിനുമായി ബന്ധപ്പെട്ട ശാസ്ത്ര ക്വിസ്സ് മത്സരങ്ങൾ ഓരോ ടേമിലും സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും | സയൻസ് ക്ലബ്ബ് |
| **15** | **ഹോം ഇലക്ട്രീഷ്യൻ ഹ്രസ്വ കാലം** | ലഘുവായ ഗാർഹിക ഇലക്ട്രിക്കൽ ജോലികൾ സ്വയമായി ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതിന്. | ഇലക്ട്രിക്കൽ ഉപകരണങ്ങൾ കണക്ട് ചെയ്യൽ,ഫ്യൂസ് കെട്ടൽ, എക്സ്റ്റൻഷൻ ബോക്സ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ. | ഒക്ടോബർ | ഫിസിക്സ് അധ്യാപകൻ |
| **16** | പരീക്ഷണ മൂല **(മധ്യകാലം)** | ഗവേഷണത്വര വർദ്ധിപ്പിക്കുക. | കുട്ടികൾ പരീക്ഷണത്തിനാവശ്യമായ ഉപകരണങ്ങൾ , വസ്തുക്കൾ ശേഖരിക്കുന്നു. സ്വയമായി പരീക്ഷണങ്ങൾ ചെ യ്യുന്നു. | ജൂലൈ മാസം മുതൽ | സയൻസ് ക്ലബ്ബ് |
| | | | | | |

WINGS

GIVING FLIGHT TO HOPES AND DREAMS

# ഗണിതം

| | **പേര്** | **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|---|---|
| **1** | മുന്നറിവ് പരിശോധന **ഹ്രസ്വ കാലം** | കുട്ടികൾ ആർജിക്കേണ്ട ശേഷികൾ നേടിയോ എന്ന് കണ്ടെത്താൻ | വർക്ക് ഷീറ്റ് നൽകി വിലയിരുത്തുന്നു | ജൂൺ | SRG |
| **2** | ഗണിത ക്ലബ്ബ് ഉദ്ഘാടനം രൂപീകരണവും ഹ്രസ്വ കാലം | ക്ലബ്ബ് അംഗങ്ങളുടെ തിരഞ്ഞെടുപ്പും രൂപീകരണവും പ്രാവർത്തികമാക്കേണ്ട ചുമതലകളും | തിരഞ്ഞെടുപ്പ് നടത്തിപ്പ് | ജൂലൈ | SRG |
| **3** | സ്കൂൾ ഗണിത ശാസ്ത്രമേള | കുട്ടികളിലെ അഭിരുചികൾ കണ്ടെത്തി അതിനു വേണ്ടുന്ന പരിശീലനം | രൂപങ്ങൾ, ചാർട്ട്, മോഡലുകൾ, എന്നിവയുടെ നിർമ്മാണം ജൂലൈ | ജൂലൈ | ഗണിത ക്ലബ് ഗണിത അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 4 | ചതുഷ്ക്രിയ ഉറപ്പിക്കൽ മധ്യകാലം<br>മധ്യകാലം | ചതുഷ്ക്രിയ. ഉറപ്പി ക്കുക അതുവഴി കൂടുതൽ ആശയങ്ങൾ മനസ്സിലാക്കുക | ജാമിതി രൂപങ്ങളുടെ കൃത്യമായി നിർമ്മാണവും അതുപയോഗിച്ചുള്ള ചിത്രനിർമ്മാണം. | അക്കാദമിക വർഷം | ഗണിത ക്ലബ്<br>ഗണിത അധ്യാപകർ |
| 5 | ജാമിതീയം മുന്നേ അറിവുകൾ ഉറപ്പിക്കൽ മധ്യകാലം | ജ്യമിതിയ ഉപകരണങ്ങളുടെ ഉപയോഗിക്കുന്നതിലെ കൃത്യത, സൂക്ഷ്മതാവശം, കോൺ, എന്നിവ കൃത്യതയോടുള്ള നിർമ്മാണം | ജാമിതി രൂപങ്ങളുടെ കൃത്യമായി നിർമ്മാണവും അതുപയോഗിച്ചുള്ള ചിത്രനിർമ്മാണം | അക്കാദമിക വർഷം | SRG |
| 6 | ഗണിത ക്വിസ് സ്കൂൾതലം സബ് ജില്ലാതലം | ഗണിത താല്പര്യ വർദ്ധിപ്പിക്കുവാനും കുട്ടികളുടെ പങ്കാളിത്ത ഉറപ്പിക്കാനും | ഗണിത ക്ലബ്ബ് അംഗങ്ങളുടെ മേൽനോട്ടത്തിൽ ആഴ്ചയിൽ ഒരിക്കൽ ക്വിസ് മത്സരം നടത്തി വിജയിക്ക് സമ്മാനം നൽകുന്നു സബ്ജില്ല ക്വിസ് മത്സരാർത്ഥികൾക്കുള്ള പരിശീലനം | അക്കാദമിക വർഷം | ഗണിത ക്ലബ് |
| 7 | ഗണിത മാഗസീൻ (മധ്യകാലം) | ഗണിത മാഗസീൻ പ്രകാശനം | ഗണിതാശയങ്ങൾ ഉൾപ്പെടുന്ന സൃഷ്ടികൾ കുട്ടികളിൽ നിന്ന് ശേഖരിച്ച് മാഗസീൻ പ്രകാശനം ചെയ്യുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ്, | ഗണിത ക്ലബ് |
| 8 | ഗണിത മികവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ (മധ്യകാലം) | കുട്ടികളിൽ ഗണിത മികവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | ക്ലാസടിസ്ഥാനത്തിൽ ഗണിതത്തിൽ ഗവേഷണാത്മക ചിന്ത വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. ചിന്താശേഷി വർദ്ധിപ്പിക്കുന്ന ചോദ്യങ്ങളുടെ നിർമ്മാണം | അക്കാദമിക വർഷം | ഗണിത ക്ലബ്<br>ഗണിത അധ്യാപകർ |
| 9 | IC T സാധ്യത പ്രയോജനപ്പെടുത്തൽ (മധ്യകാലം) | I C T സാധ്യത പ്രയോജനപ്പെടുത്തൽ | website പരിചയപ്പെടുത്തൽ, Geo-gebra ഉപയോഗിച്ച് നിർമ്മാണവും ഗണിത പ്രശ്നപരിഹരണവും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഗണിത ക്ലബ്<br>ഗണിത അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| **10** | ഗവേഷണാത്മക ചിന്ത വളർത്തൽ (മധ്യകാലം) | കുട്ടികളിൽ ഗവേഷണാത്മക ചിന്തകളിലേക്ക് എത്തിക്കുക | പ്രോജക്ട്, സെമിനാർ, അസൈൻമെന്റ് | Term wise | ഗണിത ക്ലബ് ഗണിത അധ്യാപിക |
| **11** | ഗണിതശാസ്ത്രമേള (ഹ്രസ്വകാലം) | ഗണിതശാസ്ത്ര പഠനത്തിൽ ടാലന്റ്ലാബ് പ്രയോജനപ്പെടുത്തൽ | ചാർട്ട്,മോഡൽ, വർക്കിംഗ് മോഡൽ നിർമ്മാണം | January | ഗണിത ക്ലബ് ഗണിത അധ്യാപിക |

## Information Technology

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| Digital painting | Digital Painting training | 1 month June | SITC IT Club | |
| Multimedia Presentation | Training Programme | May | SITC IT Club | |
| Malayalam Typing (DTP) | Training in DTP Malayalam | X Mas Holidays | SITC IT Club | |
| Web Designing | Training in web designining | January | SITC IT Club | |

# Physical Education

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1.പെൺകുട്ടികൾക്ക് സ്വയം സംരക്ഷണം **ദീർഘകാലം** | തായ്ക്കോ , കരാട്ടേ ക്ലാസ്സ് | 2 years | സ്പോർട്ട്സ് കൗൺസിൽ Sports Club | PTA |
| **2.** Total physical fitness Programme **ദീർഘകാലം** | മുഴുവൻ കുട്ടികളുടേയും കായിക ക്ഷമത അളക്കുക | 2 years | Sports Club | PTA, Old students |
| **3.** കായിക ക്ഷമത വളർത്തുക **ദീർഘകാലം** | ഫുട്ബോൾ , ആട്യാപാട്യാ പരിശീലനം | 2 years | Sports Club | PTA, Old students |
| **4.** കായിക അഭിരുചി വളർത്തുക **മധ്യകാലം** | മികച്ച കായിക താരങ്ങളെ ആദരിക്കൽ അവാർഡുകൾ , സംവാദം | 1Year | Sports Club | PTA, Old students |

# Music

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1.** സംഗീതം ശാസ്ത്രീയമായി അഭ്യസിക്കുക **ദീർഘകാലം** | ശാസ്ത്രീയ സംഗീത ക്ലാസ്സുകൾ | 2 years | Music Club | |
| **2.** കവിത ആസ്വാദനം **ദീർഘകാലം** | 5 മുതൽ 10 വരെയുള്ള മലയാളം പാഠപുസ്തകത്തിലെ കവിതകൾ വ്യത്യസ്ത ശൈലിയിൽ ആലപിക്കാനുള്ള പരിശീലനം | 2 years | Music Club | |
| **3.** കലാനൈപുണി വികസനം **ദീർഘകാലം** | ഗിറ്റാർ, വയലിൻ, തബല, മൃദംഗം, കീബോർഡ്, ചെ , ഡ്രംസ് തുടങ്ങിയ വാദ്യോപകരണ ക്ലാസ്സുകൾ | 2 years | Music Club | |
| **4.** സ്ക്കൂൾ ക്വയർ **(മധ്യകാലം)** | ഓരോ സന്ദർഭങ്ങൾക്കും പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ പരിശീലിപ്പിക്കുന്നു | 1 Year | Music Club | |

WINGS

GIVING FLIGHT TO HOPES AND DREAMS

# ഭൗതികം

**പ്രവർത്തനം 1**
**പേര് : കവാടം പഠിപ്പുര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്ക്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം **ദീർഘ കാലം** | ആകർഷണീയമായ വിധത്തിൽ വിദ്യാലയത്തിന്റെ കവാടം , പടിപ്പുര എന്നിവ സജ്ജമാക്കൽ | 6 മാസം | സ്റ്റാഫ് കൗൺസിൽ | |

**പ്രവർത്തനം 2**
**പേര് : പുതിയമന്ദിരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതികസൗകര്യമൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ **ദീർഘ കാലം** | ആകർഷകമായ വിധത്തിൽ അസംബ്ളി ഹാൾ കം അഡ്മിനി സ്ട്രേറ്റീവ് ബ്ലോക്ക് | 2 വർഷം | സ്പോൺസർഷിപ്പ് O.S.A മാനേജ്മെന്റ് | 40 ലക്ഷം |

**പ്രവർത്തനം 3**
**പേര് : കിഡ്സ് പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ **ദീർഘ കാലം** | കിഡ്സ് പാർക്ക് തയ്യാറാക്കൽ ട്രെസ്സ് വർക്ക് ചെയ്യൽ | 1 വർഷം | മാനേജ്മെന്റ് എം.എൽ.എ ഫ | 30 ലക്ഷം |

**പ്രവർത്തനം 4**
**പേര് : ഡൈനിംഗ് ഹാൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം ആരോഗ്യം **ദീർഘ കാലം** | ആകർഷകമായ ഡൈനിംഗ് ഹാൾ ഒരുക്കൽ | 1 വർഷം | സ്പോൺസർഷിപ്പ് മൈനോരിട്ടി ഫ | 10 ലക്ഷം |

**പ്രവർത്തനം 5**
**പേര് : ശൗചാലയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം ആരോഗ്യം **ദീർഘ കാലം** | എല്ലാ നിലകളിലും ശൗചാലയം,ടാപ്പ് , ശുദ്ധജലം | 1 വർഷം | മാനേജ്മെന്റ് | 10 ലക്ഷം |

**പ്രവർത്തനം 6**

**പേര് : മൈതാന നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ **ദീർഘ കാലം** | വിവിധ മത്സരങ്ങൾ കളികൾ എന്നിവയിൽ ഏർപ്പെടാൻ കഴിയുന്ന വിശാലമായ പ്ലേഗ്രൗണ്ട് നിർമ്മിക്കൽ | 2 വർഷം | സ്റ്റാഫ് കൗൺസിൽ | 30 ലക്ഷം |

**പ്രവർത്തനം 7**

**പേര് : സ്റ്റാഫ് റൂം നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യം ഒരുക്കൽ **ദീർഘ കാലം** | അനുയോജ്യമായ സ്ഥലത്ത് ഡ്രജഒടവിഭാഗത്തിന് പ്രത്യേകം ഉപയോഗിക്കാൻ കഴിയുന്ന വിശാലമായ സ്റ്റാഫ് റൂം ഫർണിച്ചർ ഷെൽഫ് | 1 വർഷം | മാനേജ്മെന്റ് | 10 ലക്ഷം |

**പ്രവർത്തനം 8**

**പേര് : നീന്തൽ കുളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് കായിക വിദ്യാഭ്യാസം ഫലപ്രദമാക്കൽ **ദീർഘ കാലം** | ജല ലഭ്യത സ്ഥല വിസ്തൃതി എന്നിവ കണക്കിലെടുത്ത് നീന്തൽകുളം നിർമ്മിക്കൽ | 1 വർഷം | പി.ടി. ടീച്ചർ മാനേജ്മെന്റ് | 30 ലക്ഷം |

**പ്രവർത്തനം 9**

**പേര് : ജനറേറ്റർ സ്ഥാപിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യം ഒരുക്കൽ **ദീർഘ കാലം** | കമ്പ്യൂട്ടർ, ലാബ് ഓഫീസ് എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ , ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കാൽ | 1 വർഷം | മാനേജ്മെന്റ് | 8 ലക്ഷം |

**പ്രവർത്തനം 10**

**പേര് : ബയോഗ്യാസ് പ്ലാന്റ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കിമാറ്റൽ **ദീർഘ കാലം** | ജൈവമാലിന്യം ഉപയോഗിച്ച് പാചകത്തിനുള്ള ഊർജ്ജം കെ ത്തൽ | 6 മാസം | മാനേജ്മെന്റ് | 1 ലക്ഷം |

WINGS

GIVING FLIGHT TO HOPES AND DREAMS

# സാമൂഹികം

**പ്രവർത്തനം 1**

**പേര് : ഒത്തുചേരൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ **മധ്യകാലം** | പൂർവ്വവിദ്യാർത്ഥി സംഗമം പൂർവ്വാദ്ധ്യാപക സംഗമം | വർഷം തോറും | സ്റ്റാഫ് കൗൺസിൽ | **10000/** |

**പ്രവർത്തനം 2**

**പേര് : പ്രാദേശിക പി. ടി. എ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ **മധ്യകാലം** | വിദ്യാലയത്തിന്റെ വിദ്യാർത്ഥി പരിസരം വിവിധ മേഖലകളായി തിരിച്ച് യോഗം ചേരൽ | വർഷം തോറും | എസ്. ആർ .ജി | **5000/** |

**പ്രവർത്തനം 3**

**പേര് : പുസ്തക പ്രചാരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിലെത്തിക്കാൻ **ദീർഘ കാലം** | പി.ടി.എ അദ്ധ്യാപകർ എന്നിവരുടെ ചെറുഗ്രൂപ്പ് വാങ്ങിയ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ വിറ്റഴിക്കൽ | മദ്ധ്യവേനൽ അവധിക്കാലം | സ്റ്റാഫ് കൗൺസൽ | |

**പ്രവർത്തനം 4**

**പേര് : സ്കൂൾ കല ർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ **മധ്യകാലം** | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കല റും ചേർത്ത് അച്ചടിച്ച് രക്ഷിതാകൾക്കും പൊതുസമൂഹത്തിനും നൽകൽ | ജൂൺ ആദ്യ വാരം | എസ്. ആർ. ജി പി.ടി.എ | **50000/** |

**പ്രവർത്തനം 5**
**പേര് : ഹരിതഗ്രാമം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമ വീഥികളെ ഹരിതാഭ മാക്കൽ **മധ്യകാലം** | വിദ്യാലയത്തിലേക്കുളള വിവിധവഴിക ളിൽ തണൽ മരങ്ങൾ, ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കൽ, പരിപാലനം | എല്ലാ വർഷവും തുടർച്ചയായി | പി.ടി.എ. , സ്ക്കൂൾ പാർലമെന്റ് ക്ലബുകൾ | 5,000/– |

# വിദ്യാലയം ഒരു തുറന്ന പുസ്തകം

**എന്റെ** വിദ്യാലയം എന്റെ സ്വന്തം വീടാണ്.

ആ വീട് എനിക്കും എന്റെ ആയിരത്തോളം വരുന്ന പ്രിയ കൂട്ടുകാർക്കും അറിവ് പകർന്നു നൽകുന്നു. സരസ്വതി വിളങ്ങുന്ന എന്റെ വിദ്യാലയം സരസ്വതീഭവനമായി പരിവർത്തനപ്പെടുമ്പോൾ അറിവിന്റെ അനേകായിരം ശാഖകളുള്ള ഈ വിശാലമരത്തിലെ വിടർന്നു വരുന്ന ഒരു കൊച്ചു പൂമൊട്ടാവാൻ എനിക്കും ഭാഗ്യം ലഭിച്ചതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു.

ചെറുതാണെങ്കിലും ഒരു നല്ല പൂന്തോട്ടവും ഫലങ്ങൾ നൽകുന്ന മരങ്ങളും, വിശാലമായ ഗ്രൗ ും നീ ുകിടക്കുന്ന അസംബ്ലി ഗ്രൗ ും, ഹാളും എല്ലാം എന്റെ വിദ്യാലയത്തിന് എന്നും സ്വന്തമാണ്. സ്നേഹനിധികളും ജ്ഞാനികളുമാവുന്ന ഞങ്ങളുടെ വിദ്യാലയത്തിന്റെ സ്വന്തം അധ്യാപകർ എന്നും ഞങ്ങളുടെ നന്മ നിറഞ്ഞ പാതയിലെ വഴികാട്ടികളാണ്. നിറയെ വിദ്യാർത്ഥി, വിദ്യാർത്ഥിനികളാൽ സമ്പന്നമായ ഞങ്ങളുടെ വിദ്യാലയത്തിൽ ശുദ്ധപൂർണ്ണമായ അടുക്കള, ആവശ്യത്തിന് ബഞ്ചും ഡെസ്കുകളുമുള്ള ക്ലാസ്സ്മുറികൾ, വായുസഞ്ചാരമുള്ള ക്ലാസ്സ്മുറികൾ, ഐ.ടി. ലാബുകൾ, ലാഗ്വേജ് ലാബ്, സയൻസ് ലാബ് എന്നിവയു ്. ഇതിനെല്ലാമുപരി വളർന്നു വരുന്ന ഞങ്ങളെപ്പോലുള്ള പുതുതലമുറയ്ക്കു തുറന്നു കൊടുക്കാൻ വായനയുടെ പുതുലോകവുമായി ഒരു ലൈബ്രറിയും വിദ്യാലയത്തിലു ്.

എന്നാൽ ഇനിയും ഈ വിദ്യാലയത്തിൽ ചില പുതു പരിഷ്കരണങ്ങൾ കൂടി കൊ ുവരാൻ സാധിക്കുമെങ്കിൽ എത്ര നന്നായിരുന്നുവെന്ന് ഞാൻ പലപ്പോഴും ആലോചിച്ചിട്ടു ്. കാരണം ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അവൾ തന്റെ കൂടുതൽ സമയവും ചിലവഴിക്കുന്നത് വിദ്യാലയത്തിലാണല്ലോ. എന്റെ സ്വപ്നതുല്യമായ വിദ്യാലയമായി ഈ വിദ്യാലയത്തെ മാറ്റാൻ സാധിക്കുമെങ്കിൽ ഞാൻ ഏറെ സന്തോഷവതിയായിരിക്കും. ഇനി നിങ്ങളെ ഞാനെന്റെ സ്വപ്നതുല്യമായ വിദ്യാലയത്തിലേക്കാണ് കൂട്ടിക്കൊ ുപോകാൻ പോവുന്നത്.

നമ്മുടെ നിത്യജീവിതത്തിൽ പ്രധാനപ്പെട്ട ഒന്നാണ് ഭക്ഷണ ലഭ്യത എന്നത്. നാം ദിവസവും മൂന്നോ അതിൽ കൂടുതലോ നേരം ഭക്ഷണം കഴിക്കുന്നവരാണ്. എന്നാൽ നാം എപ്പോഴെങ്കിലും ചിന്തിക്കാറു ോ ഈ ഭക്ഷണം പൂർണ്ണമായും വിഷവിമുക്തമാണോ എന്ന്. വിഷം കലർന്ന ഇത്തരം ഭക്ഷണം നമ്മെ

പയ്യെ രോഗാവസ്ഥയിലേക്ക് കൊ ത്തിക്കും.

എന്നാൽ ഞാൻ ആഗ്രഹിക്കുകയാണ് എന്റെ വിദ്യാലയത്തിൽ എന്റെ കൂട്ടുകാർക്കായി നൽകാൻ ആവശ്യമായ പച്ചക്കറികൾ നമ്മുടെ വിദ്യാലയത്തിൽ തന്നെ കൃഷി ചെയ്യണമെന്നത്. അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുമിച്ച് ഒത്തുചേർന്ന് പ്രവർത്തിക്കുന്ന ഈ കൃഷി മറ്റുള്ളവർക്ക് മാതൃകയായി മാറുകയും വേണം.

ഇവിടെ പച്ചക്കറിക്കു പുറമെ പഴവർഗ്ഗങ്ങളും ഔഷധസസ്യങ്ങളും,

മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ മരങ്ങളും നട്ടുവളർത്തണം.

കൂടാതെ എന്റെ വിദ്യാലയത്തിൽ മറ്റുള്ളവരെ ആകർഷിക്കുന്ന രീതിയിൽ ഒരു നല്ല പൂന്തോട്ടവും ഉ ാക്കണം. ഇപ്പോഴുള്ള പൂന്തോട്ടത്തിലേക്ക് കുറെ വ്യത്യസ്ത ഇനം പൂക്കളെക്കൂടി ചേർത്തുകൊ ് അതിനെ മനോഹരമായൊരു പൂങ്കാവനമാക്കി മാറ്റണം. വ്യത്യസ്ത വർണ്ണത്തിലുള്ള അനേകം പൂമ്പാറ്റകളും, തേനീച്ചകളും, വ ുകളും, തുമ്പികളും, പറവകളും ഹൊ എന്തു രസമായിരിക്കുമല്ലെ എന്റെ വിദ്യാലയം. ഇത്തരം ചെറുജീവികളൊക്കെ വിദ്യാലയത്തിലേക്ക് വിരുന്നെത്തുമ്പോൾ ഇതു കാണുന്ന ഓരോ ഹൃദയത്തിലും

പുതിയ ഉന്മേഷാനുഭൂതി ജനിക്കുന്നു.

പച്ചക്കറികൾ നാം കൃഷിചെയ്തു ാക്കി, എന്നാൽ അത് ഫലപ്രദമായി
കൃത്യസമയത്ത് കുട്ടികളിലെത്തിക്കാൻ ചില സൗകര്യങ്ങൾ കൂടി അടുക്കളയിലേക്ക് ഒരുക്കി
കൊ ുവരണം.
അടുക്കളയിൽ ആവശ്യത്തിന് ജോലിക്കാർ ഉ ായിരിക്കണം.
ഈ അടുക്കളയിൽ എക്സ്ഹോസ്റ്റ് ഫാൻ, റെഫ്രിജറേറ്റർ എന്നിവയും വേണം. അടുക്കളയിൽ
കൈകഴുകാനും പാത്രം കഴുകാനുമുപയോഗിക്കുന്ന വെള്ളം കൃഷി സ്ഥലത്തേക്ക് ചെന്നു
വീഴാനുള്ള സൗകര്യങ്ങൾ ഉ ായിരിക്കണം.
അങ്ങനെയെങ്കിൽ കൃഷിക്ക് ആവശ്യമായി വരുന്ന
വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാം.
കൂടാതെ പുകയില്ലാത്ത അടുപ്പും ഉപയോഗത്തിനായി ഉ ായിരിക്കണം.

അടുക്കള നല്ല മനോഹരമായി തന്നെ നടന്നുപോകുമ്പോൾ അവിടുന്നു വരുന്ന ജൈവമാലിന്യത്തെ സംസ്കരിക്കാനായി ഒരു ജൈവമാലിന്യ സംസ്കരണ പ്ലാന്റ് ഞങ്ങളുടെ വിദ്യാലയത്തിലു ായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കൂടാതെ ഒരു ബയോഗ്യാസ് പ്ലാന്റും. അത്തരത്തിൽ ഇതിൽ നിന്നും ലഭിക്കുന്ന വളം നമുക്ക് കൃഷിക്കായി പ്രയോജനപ്പെടുത്താം. അത് വളത്തിനു വേ ി കളയുന്ന പണത്തെ ലാഭിക്കാൻ സഹായിക്കുന്നു.

സ്കൂളിൽ ഒരു വിദ്യാർത്ഥിക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥാനം അവരുടെ ക്ലാസ്സ് മുറികളിലായിരിക്കും; അതിനാൽ എന്റെ സ്വപ്നത്തിന് എന്റെ ക്ലാസ്സ് റൂമിനെ പറ്റി പറയാൻ ഏറെ കാര്യങ്ങളു ്. ഞാൻ പല പഴയ സിനിമകളിലും ക ിട്ടു ് ഒരു തേന്മാവിൻ ചുവട്ടിലെ നല്ല വായുസഞ്ചാരവും വെളിച്ചവുമുള്ള ഒരു കുഞ്ഞു ക്ലാസ്സ്റൂം. അത്തരത്തിൽ പ്രകൃതിയോടിണങ്ങിയ ഒരു ക്ലാസ്മുറിയായിരിക്കണം എന്റേതെന്ന് ഞാൻ ആഗ്രഹിക്കുന്നു. തീർത്തും ശാന്തമായ എന്നാൽ സുന്ദരവും ശുചിത്വപൂർണ്ണവുമായ ഒരു ക്ലാസ്സ്റൂം.

എന്റെ ക്ലാസ്സ്റൂമിൽ ഓരോരുത്തർക്കും ഓരോന്ന് എന്ന വിധത്തിൽ മേശയുള്ള ഒരു ടേബിളും കസേരയും വേണം. കൂടാതെ ഉഷ്ണം വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ എല്ലാ ക്ലാസ്സ്റൂമിലും എ.സി. സംവിധാനം ഉ ായിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ക്ലാസ്സ്റൂമിനു സ്വന്തമായി ഒരു ടോയ്‌ലറ്റ് വേണം. അത് നല്ല ശുചിത്വപൂർണ്ണവുമായിരിക്കണം.

കുട്ടികളുടെ അറിവിന്റെ വികാസം നമുക്ക് പഠനത്തിലൂടെ മുന്നോട്ടു കൊ ുവരാനായി സാധിക്കും, കൂടാതെ അത് അവനെ ഉന്നതിയിലേക്ക് നയിക്കുകയും ചെയ്യും. എന്നിരുന്നാൽ കൂടി അവന്റെ ആരോഗ്യം കാർഷികമേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ പഠനത്തോടൊപ്പം കായികത്തിലേക്കും കുട്ടികളെ കൂട്ടികൊ ു പോകേ ത് വളരെ അത്യാവശ്യമാണ്. അതിനായി ഞങ്ങളുടെ വിദ്യാലയത്തിൽ

വ്യത്യസ്ത കളികൾ കളിക്കുന്നതിനായി അതിനെകുറിച്ച് അറിയുവാനും പറ്റിയ സാഹചര്യങ്ങൾ ഞങ്ങളുടെ വിദ്യാലയം ഞങ്ങൾക്ക് ഒരുക്കി തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന് വ്യത്യസ്ത കായിക വിദ്യകൾ അഭ്യസിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും പഠിപ്പിക്കുന്നതിനായി വ്യത്യസ്ത അധ്യാപകരും ഉ ായിരിക്കണം. അതിനായി പ്രത്യേകം പ്രത്യേകം സൗകര്യങ്ങളും വിദ്യാലയത്തിൽ ഒരുക്കികൊടുക്കണം.

എന്റെ വിദ്യാലയത്തിലേക്ക് കൂട്ടിചേർക്കാനാഗ്രഹിക്കുന്ന മറ്റു ചില പ്രവർത്തനങ്ങളാണ് ഞാൻ പറയാൻ പോകുന്നത്. വിദ്യാലയത്തിന് പൊടിരഹിതമായ ചുറ്റുപാടുകൾ സൃഷ്ടിക്കാൻ ശ്രമിക്കുക, വിദ്യാലയത്തിന്റെ മറുവശത്ത് മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും ആ വെള്ളം ശുചിയാക്കി ഉപയോഗിക്കുകയും ചെയ്യണം.

സ്കൂളിലെ എല്ലാ ക്ലാസ്മുറികളേയും, ലാബുകളെയും, ഓഫീസുകളെയും ഉൾപ്പെടുത്തിക്കൊ ് സ്കൂൾമാപ്പ് നിർമ്മിക്കുക. ഇതിനെല്ലാം ഉപരി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേകം സൗകര്യങ്ങളും ഒരുക്കുക, സി.സി.ടി.വി. ക്യാമറാ സൗകര്യങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ, ലഹരി വിരുദ്ധ പരിസരം, ഉറപ്പുള്ളതും വളരെ ഉയർന്നതുമായ ചുറ്റുമതിലും ഗെയ്റ്റും, ഒരു വാച്ച്മാൻ എന്നിവയും വിദ്യാലയത്തിൽ ഉ ായിരിക്കണം.

ഇത്തരം ഒരു കാഴ്ചപ്പാടിലേക്ക് എന്റെ വിദ്യാലയം മാറുകയാണെങ്കിൽ
ഇനിയും കൂടുതൽ കുട്ടികൾ ഞങ്ങളുടെ വിദ്യാലയത്തിലേക്ക് എത്തിച്ചേരും. ഇത്തരത്തിലുള്ള
പുതുതലമുറക്കാരായ കുട്ടികളും
ഒപ്പം മാതാപിതാക്കളും ആഗ്രഹിക്കുന്നത് മികവാർന്ന ഒരു വിദ്യാലയമാണ്. ഇത്തരത്തിലുള്ള
സ്കൂളുകളിലേക്ക് അധ്യാപകരും
ഒത്തിരിയേറെ അവസരങ്ങളും വന്നെത്തും.
അങ്ങനെ എന്റെ വിദ്യാലയത്തെ വളരെ അഭിമാനപൂർവ്വം
മറ്റുള്ളവർക്കു മുന്നിൽ തുറന്നു കാട്ടാൻ എനിക്ക് സാധിക്കുന്നതാണ്.

കുട്ടികളെ സൽമാർഗ്ഗത്തിൽ നയിക്കാൻ ഇത്തരത്തിലുള്ള സ്കൂളുകൾക്ക്
ഏറെ സാധിക്കും.
കുട്ടികൾ മികച്ചവരാകുമ്പോൾ
അത് സമൂഹത്തിന്റെ ഉന്നമനത്തിനു കാരണമാകും.
അങ്ങനെ എന്റെ വിദ്യാലയം മറ്റുള്ളവർക്ക് മാതൃകയായി മാറും.

# ഉപസംഹാരം

നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ രേഖ ഉപകരിക്കും. പദ്ധതി സമയബന്ധിതമായി നടപ്പാക്കേ തു ്. പദ്ധതിയുടെ നടത്തിപ്പിന് മോണിട്ടറിംഗ് ആവശ്യമാണ്. സോഷ്യൽ ഓഡിറ്റിംഗ് വേണം. തനതായി നടത്തിയ പ്രവർത്തനങ്ങൾ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിച്ചിട്ടു ്. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ മാനേജ്മെന്റ് തദ്ദേശപ്രതിനിധികൾ , പി.ടി.എ. തല്പര്യരായ നാട്ടുകാർ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കണം. ഇത് അന്തിമമായ രേഖയല്ല. ഉയർന്നുവരുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ നവീകരിക്കപ്പെടുകയും ശാസ്ത്രീയമാക്കുകയും വേണം.

ശ്രീ ഐ കെ ജോർജ്
മാനേജർ

**ശ്രീ ബെൻസൺ വർഗീസ്**
**ഹെഡ്മാസ്റ്റർ**

**ശ്രീ അജി കൊട്ടാരത്തിൽ**
**PTA . പ്രസിഡന്റ്**